**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോഴിക്കോട് നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രജീന്ദ്രൻ പി- നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1292/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.06.2019

---

പരാമർശം : 1. നഗരകാര്യജോയിന്റ് ഡയറക്ടറുടെ 15.12.2018 തിയതിയിലെ ഇ 7-11690/2018 നമ്പർ ഉത്തരവ്.

2. നഗരകാര്യ ഡയറക്ടറുടെ 15.12.2018 തിയതിയിലെ ഇ 7-11690/2018 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 18.02.2006 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ ശ്രീ.രജീന്ദ്രൻ.പി സേവനത്തിൽ പ്രവേശിച്ചു. ഈ തസ്തികയിലെ നിരീക്ഷണകാലയളവ് 15.04.2008 തീയതിയിൽ പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ പാസ്സായിട്ടില്ലാത്തതാണെന്നും, ടിയാൾക്ക് 26.07.2013 തീയതിയിൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി ടിയാളുടെ നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിലേക്ക് നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നതിന് നഗരകാര്യഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 18.02.2006 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ നിരീക്ഷണകാലയളവ് എൽ.ഡി.ക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക് പരാമർശം 1 പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളതായും നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 18.02.2006 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. രജീന്ദ്രൻ.പി.-ക്ക്, 26.07.2013 തീയതിയിൽ 50 വയസ്സ്

പൂർത്തിയായിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, ടിയാൻ മറ്റ് വിധത്തിൽ യോഗ്യനാണെങ്കിൽ ടിയാന്റെ നിരീക്ഷണകാലയളവ് 26.07.2013 പൂർവ്വാഹ്നം(FN) പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധം ടിയാന്റെ നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്തദിവസം മുതൽ 27.07.2013 വരെ കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ. രജീന്ദ്രൻ പി, എൽ.ഡി.ക്ലർക്ക്/ ബിൽകളക്ടർ, കോഴിക്കോട് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, കോഴിക്കോട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ